# പൊതുവിദ്യാലയ
# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26




# എസ്. എൻ. യു. പി. സ്കൂൾ

**മരുതൂർകുളങ്ങര, തുറയിൽകുന്ന്, കരുനാഗപ്പള്ളി**

# ആമുഖം

മരുതൂർകുളങ്ങര തെക്ക് തുറയിൽകുന്ന് 192 ആം നമ്പർ എസ്. എൻ. ഡി. പി. ശാഖാ യോഗത്തിന്റെ കീഴിൽ 1957ൽ എൽ. പി സ്കൂളായി ആരംഭിച്ച് 1962 ൽ യു. പി സ്കൂളായി ഉയർത്തപ്പെട്ടു. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ മത്സ്യത്തൊഴിലാളികളുടെയും കയർ പിരി തൊഴിലാളികളുടെയും മക്കളാണ് വിദ്യാഭ്യാസം ചെയ്യുന്നത്. ഇപ്പോൾ ഇപ്പോൾ 68 വർഷം പിന്നിട്ട ഈ വിദ്യാലയം ഉയർച്ചയിലേക്ക് പോകുന്നു.

സ്കൂളിന് ഒന്നേകാൽ ഏക്കർ 45 സെന്റ് സ്ഥലവും മൂന്ന് കെട്ടിടവും ഉണ്ട് ദീർഘചതുരാകൃതിയിലുള്ള സ്ഥലമാണ്. കളിസ്ഥലമുണ്ട്. ചുറ്റുമതിൽ കഴിഞ്ഞവർഷം കെട്ടി. സ്കൂളിന്റെ മുൻവശം മതിൽ ഇല്ല. രണ്ട് കെട്ടിടങ്ങൾ ഓടും മേഞ്ഞതാണ്. തറ സിമന്റ് ആണ് ഒരു കെട്ടിടം കോൺക്രീറ്റ് ആണ്. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായി കൊണ്ടിരിക്കുന്നു. ഓഫീസ് മുറി അടക്കം എല്ലാ ക്ലാസ് മുറികളും വൈദ്യുതീകരിച്ചതാണ്.

സ്കൂളിന്റെ പഠനനിലവാരം ഉയർത്താൻ എസ് ആർ ജി, പി ടി എ, മാനേജ്മെന്റ് എന്നിവരുടെ കൂട്ടായ ശ്രമങ്ങൾ നടത്തുന്നു. എസ് ആർ ജി എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം നാലുമണിക്ക് കൂടി കുട്ടികളുടെ നിലവാരം ചർച്ച ചെയ്യുന്നു. ബി ആർ സി യിൽ നിന്ന് സ്കൂൾ സന്ദർശിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ക്ലസ്റ്റർ ക്ലാസുകളിൽ എച്ച് എം ഉൾപ്പെടെ എല്ലാ അധ്യാപകരും പങ്കെടുക്കുന്നു. കായിക അധ്യാപകൻ, മ്യൂസിക്, ഡ്രോയിങ്, വർക്ക് എക്സ്പീരിയൻസ് എന്നിവയ്ക്ക് അധ്യാപകൻ ഇല്ലാത്തതിന്റെ പോരായ്മകൾ ഉണ്ട്. എങ്കിലും, എല്ലാ മത്സര പരിപാടികളിലും ശാസ്ത്ര ഗണിത സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയമേളകളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും അവർ ജില്ലാതലം വരെ പോവുകയും ചെയ്യുന്നു.

എല്ലാ കുട്ടികളെയും സ്റ്റാൻഡേർഡ് ഒന്നു മുതൽ ഏഴ് വരെ കമ്പ്യൂട്ടർ പഠിപ്പിക്കുകയും അവർക്ക് അത് സ്വന്തമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുകയും ചെയ്യുന്നുണ്ട്. സ്വന്തമായി ലൈബ്രറി റൂം ഇല്ലെങ്കിലും 3500 ൽ പരം പുസ്തകങ്ങൾ അടങ്ങുന്ന ലൈബ്രറി ഉണ്ട്. എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പത്രം ദേശാഭിമാനി, കേരളകൗമുദി തുടങ്ങിയവയും ബാലപ്രസിദ്ധീകരണങ്ങളായ യുറീക്ക, തളിർ തുടങ്ങിയവരും നൽകുന്നു.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി, സംസ്കൃതം ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനം ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും.
- അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- കൃഷി ഔഷധത്തോട്ടം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥിസംഘങ്ങൾ രൂപീകരിക്കൽ.
- *വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.
- പോക്സോ സംബന്ധമായ ബോധവൽക്കരണം
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

STRENGTH - 2025-26

| Std | Boys | Girls | Total |
|---|---|---|---|
| I | 19 | 16 | 35 |
| II | 18 | 15 | 33 |
| III | 16 | 23 | 39 |
| IV | 18 | 17 | 35 |
| V | 22 | 18 | 40 |
| VI | 23 | 26 | 49 |
| VII | 27 | 26 | 53 |
| Total | 143 | 141 | 284 |

| Teachers & Staff | | | |
|---|---|---|---|
| | | Male | Female |
| HM | 1 | 0 | 1 |
| LP | 8 | 3 | 5 |
| UP | 5 | 1 | 4 |
| Hindi | 1 | 1 | 0 |
| Arabic | 1 | 1 | 0 |
| Sanskrit | 1 | 1 | 0 |
| O A | 1 | 1 | 0 |
| Total | 18 | 8 | 10 |

# സ്റ്റാൻഡേർഡ് : 1 & 2

## ഒന്ന്, രണ്ട് ക്ലാസുകളെ ഒന്നാം തരം ആക്കുന്നതിനുവേണ്ടിയുള്ള മാസ്റ്റർപ്ലാൻ

| | |
|---|---|
| ചുമർചിത്രങ്ങൾ | കഥാചിത്രങ്ങൾ, അക്ഷരപ്പാട്ടുകൾ, ഗണിത പാറ്റേണുകൾ, സംഖ്യാപാറ്റേണുകൾ, പാഠപുസ്തക ചിത്രങ്ങൾ. |
| കമ്പ്യൂട്ടർ ലാബ് | പാഠപുസ്തകങ്ങൾ കുട്ടികൾക്ക് കംമ്പ്യൂട്ടറിൽ പരിചയപ്പെടുത്തുന്നു. വായനാ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഗണിതവുമായി ബന്ധപ്പെട്ട് ഗയിമുകൾ , ഇംഗ്ലീഷുമായി ബന്ധപ്പെട്ട ഗെയിമുകൾ ചെയ്യുന്നു |
| വായനശാല | വിഷയാടിസ്ഥാനത്തിൽ പുസ്തകങ്ങൾ ക്രമീ കരിക്കുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു. പതിപ്പുകളാക്കുന്നു. വേദികളിൽ അവതരിപ്പി ക്കാൻ അവസരം നൽകുന്നു. എല്ലാ കുട്ടിക ളുടെയും പങ്കാളിത്തം ഉറപ്പു വരുത്തും. |
| പഠനോപകരണങ്ങൾ | എല്ലാ കുട്ടികൾക്കും കൈകാര്യം ചെയ്യത്തക്ക രീതിയിലുള്ള ഉപകരണങ്ങൾ. കുട്ടികൾക്ക് ആകർഷകമായ ഉപകരണങ്ങൾ. കഴിവുള്ള രക്ഷ കർത്താക്കളുടെ സേവനം, പഠനോപകരണ നിർമ്മാണത്തിൽ ഉപയോഗ പ്പെടുത്തും |

| | |
|---|---|
| ആകർഷകമായ ഇരിപ്പിടങ്ങൾ | കുട്ടികളെ ആകർഷിക്കുന്നതരത്തിൽ ഓരോ കുട്ടിക്കും പ്രത്യേകം മേശയും കസേരയും നൽകും. |
| പൂന്തോട്ടം/പച്ചക്കറിത്തോട്ടം | കാർഷികമേഖലയോട് ആഭിമുഖ്യം വളർത്തുന്ന തിനായി സ്കൂളിൽ പരിസരത്ത് കുട്ടികളെ ക്കൊണ്ട് കൃഷി ചെയ്യുന്നു. ഇതിലൂടെ പഠനവും നടക്കുന്നു. |
| അനുയോജ്യമായ പഠനയാത്രകൾ | പാഠ്യവിഷയവുമായി ബന്ധപ്പെട്ട് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. |
| ക്ലാസ് പി.റ്റി.എ. | രക്ഷകർത്താക്കളുടെ സേവനം പൂർണ്ണമായും സ്കൂളിന് പ്രയോജനപ്പെടുത്തക്കരീതിയിൽ ക്ലാസ് പി.റ്റി.എ. മെച്ചപ്പെടുത്തും. |
| കുട്ടികളുടെ പാർക്ക് | മാനസികോല്ലാസത്തിനും കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിനും കുട്ടികളുടെ പാർക്ക് തയ്യാറാക്കും. |
| ശുചീകരണ പ്രവർത്തനങ്ങൾ | സ്കൂളിലെ ശുചീകരണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കും. |
| പരിസ്ഥിതി സൗഹൃദ വിദ്യാലയം | ഒന്നാംതരം മുതൽ പരിസ്ഥിതിയുമായി ഇണക്കി പരിസ്ഥിതി സൗഹൃദ വിദ്യാലയം സൃഷ്ടിക്കും |

# *മലയാളം - സ്റ്റാൻഡേർഡ് 3 & 4*

## *ലക്ഷ്യങ്ങൾ*

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ക്ലാസ് സഭ, സ്കൂൾ സഭ.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടൽ
- വായനാസാമഗ്രികൾ കണ്ടെത്തൽ, വികസിപ്പിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തനതങ്ങൾ വികസിപ്പിക്കൽ
- എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടൽ
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി. ഐ.സി.റ്റി. സാധ്യത എന്നിവ സജ്ജീകരിക്കൽ.

# പ്രവർത്തനങ്ങൾ

- ❖ പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തി ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കൽ, ചിത്രസഹായത്തോടെ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

- ❖ അക്ഷരക്കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ; വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു. ചിത്രങ്ങൾ നൽകി അവയ്ക്ക് അടിക്കുറിപ്പ് നൽകൽ, കഥയുടെ ബാക്കി എഴുതിക്കൽ.

- ❖ ബാലമാസികകളിൽ നിന്ന് വെട്ടിയെടുത്ത ചിത്രങ്ങൾ ഒട്ടിച്ച് വായന സാമാഗ്രികൾ നിർമിച്ച് വായനയ്ക്കായി നൽകുന്നു.

- ❖ സി.ഡി.പ്രദർശനം അതിലെ ചിത്രങ്ങളെക്കുറിച്ച് പറയാനും എഴുതാനും അവസരം

- ❖ ബാലകവിതകൾ കേൾക്കാൻ അവസരം നൽകൽ.

- ❖ പ്രൈമറി വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ക്ലാസ് ലൈബ്രറി തയ്യാറാക്കൽ.

- ❖ വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കി- പത്രക്വിസ് നടത്തുന്നു. വാർത്ത തയ്യാറാക്കാൻ അവസരം നൽകൽ പാഠഭാഗവുമായി ബന്ധപ്പെട്ട് പത്രം തയ്യറാക്കൽ.

# ഇംഗ്ലീഷ്

- ✓ ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം രക്ഷാകർത്താക്കളിൽ എത്തിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

- ✓ ബ്രിട്ടീഷ് ഇംഗ്ലീഷും അമേരിക്കൻ ഇംഗ്ലീഷും തമ്മിലുള്ള വ്യത്യാസ ങ്ങൾ തിരിച്ചറിയാൻ വേണ്ടി ഭാഷാവിദഗ്ധരെയും വിദേശീയരെയും സ്ക്കൂളിലേക്ക് ക്ഷണിക്കുകയും കുട്ടികളുമായി സംവാദിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

- ✓ ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന ടിപ്പുകൾ അല്ലെങ്കിൽ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകും.

- ✓ ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പുറമേ പി. റ്റി. എ, എസ്. ആർ. ജി എന്നിവരുടെ സഹായത്തോടെ ഡിബേറ്റ്, സെമിനാർ ഇംഗ്ലീഷ് ഫെസ്റ്റ് തുടങ്ങിയവ സംഘടിപ്പിക്കും.

- ✓ സ്കൂളിലെ എല്ലാ കുട്ടികളെയും ഇംഗ്ലീഷ് എഴുതാനും, വായിക്കാനും പ്രാപ്തരാക്കുന്നതിന് ഇതൊരു പ്രോജക്റ്റായി ഏറ്റെടുത്ത് നടത്തും. അതിനായി എല്ലാ അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പാക്കും.

- ✓ ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നു

- ✓ ഇംഗ്ലീഷുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്നു

- ✓ സ്വതന്ത്ര വായനക്ക് സജ്ജമാക്കുന്നു, ഇംഗ്ലീഷ് ഭാഷ ലൈബ്രറി നിർമ്മിക്കുന്നു

- ✓ കുട്ടികളുടെ Creative Work കൾ( കഥ. കവിത...) ഉൾപ്പെടുത്തിക്കൊണ്ട് ഒരു English Magazine തയ്യാറാക്കും, പാഠഭാഗവുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് Drama, Skit എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കും. (English fest ന് പുറമെ)

- ✓ ഇംഗ്ലീഷ് ഭാഷ വായന കോർണർ നിർമ്മിക്കുന്നു

- ✓ ഒന്നു മുതൽ 7 വരെ അക്ഷരം അറിയാത്ത കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി സജ്ജമാക്കുന്നു

- ✓ ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണവർക് ഷോപ്പുകൾ ആസൂത്രണം ചെയ്യുന്നു

## പ്രവർത്തനങ്ങൾ

- ❖ ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു

- ❖ ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ വച്ച് ഡയറി എഴുതുന്നു

- ❖ രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കാൻ പരിശീലനം നൽകുന്നു

- ❖ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വർക്ക്ഷോട്ടുകൾ തയ്യാറാക്കുന്നു

- ❖ ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു

# മലയാളം (യു.പി.)

- വൈവിധ്യമാർന്ന സാഹിത്യകൃതികൾ, വർത്തമാന പത്രങ്ങൾ മുതലാ യവ എന്നിവ ഉൾപ്പെടുന്ന സമ്പന്നമായ ഒരു അന്തരീക്ഷം ഭാഷാപഠന ത്തിനായി ഒരുക്കും.

- ഭാഷയുടെ സൗന്ദര്യവും ഓജസും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവി ഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുന്ന ഒരന്തരീക്ഷമായിരിക്കും അത്.

- സ്കൂൾ ലൈബ്രറിയുടെ വികസനത്തിനായി നാട്ടുകാരുടെയും, രക്ഷി താക്കളുടെയും സമീപത്തുള്ള ലൈബ്രറിയുടെയും സഹായം തേടും. കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന പുസ്തകം വായിക്കാനുള്ള അവസ രമുണ്ടായിരിക്കും.

- ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു.

- ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തകവിതരണം, വായന എഴുത്ത്, പ്രോൽസാഹനം, എന്റെ പുസ്തകപ്രദർശനം.

- വായനോത്സവം - (വായനാമത്സരം, വായനാ അനുഭവം, പങ്കുവെയ്ക്കൽ, വായനാക്കുറിപ്പ്, ആസ്വാദനകുറിപ്പ്, അധ്യാപകരും കുട്ടികളും വായിച്ച കൃതികൾ പരിചയപ്പെടുത്താം. കുട്ടികളുടെ നാടകാവതരണം.

- പത്രവായന, വിവിധ പത്രങ്ങൾ ലഭ്യമാക്കുന്നു. പത്രക്വിസ്, പത്രവാർത്ത, തയ്യാറാക്കൽ, അമ്മവായന ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, ഐ. സി. റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.

- ബാലസഭ, വിദ്യാരംഗം - സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ (അസംബ്ലിയിൽ)
- ഭിന്നശേഷിക്കാർക്ക്, ഐ.ഇ.ഡി. ടീച്ചറൻമാരുടെ സേവനം ഉറപ്പാക്കുന്നു.

## പ്രവർത്തനങ്ങൾ

- പുസ്തകങ്ങളും അവയുടെ ലഘു കുറിപ്പുകളും ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിന് പ്രദർശിപ്പിക്കുന്നു.
- എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു
- ഒരോ യൂണിറ്റിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയ്യെഴുത്തു മാസിക ഒരുക്കൽ
- വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ
- പ്രസംഗം, കഥപറയൽ, കവിത പാരായണം, ഭാഷാപോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാ മികവ് പ്രകടിപ്പിക്കൽ.

# ഹിന്ദി

- ഹിന്ദി അക്ഷരങ്ങൾ കുട്ടികൾക്ക് പരിചയപ്പെടാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നു
- അക്ഷരങ്ങൾ ഉപയോഗിച്ചുള്ള അക്ഷര കാർഡുകൾ ക്ലാസിൽ പരിചയപ്പെടുത്തുന്നു
- അക്ഷര കാർഡിന്റെ സഹായത്തോടെ ഹിന്ദി വാക്കുകൾ പരിചയപ്പെടാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നു
- ഹിന്ദിയിലെ കൊച്ചു കൊച്ചു കവിതകൾ കേൾക്കാനും, ആസ്വദിക്കാനുമുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു

ഹിന്ദിയുമായി ബന്ധപ്പെട്ട് യു. പി. ക്ലാസിൽ ചാർട്ടുകളും, സി.ഡി.
ഐ. റ്റി.സി. സാധ്യതകൾ പ്രയോജനപ്പെടുത്തും. സിനിമ, ചിത്രപ്രദർശനം കുട്ടികളിൽ പ്രയോജനം വരുത്തും വരുത്തും വിധം ക്ലാസുകളിൽ അവതരിപ്പിക്കും . എൽ.പി.യിൽ അക്ഷരങ്ങൾ പഠിപ്പിക്കുകയും. അക്ഷരങ്ങൾ കൊണ്ട് വാക്കുകളും, ചിത്രങ്ങളും കാണിച്ച് കുട്ടികളുടെ കഴിവ് വികസിപ്പിക്കും. മെച്ചപ്പെട്ട കുട്ടികളെ വളർത്തി എടുക്കും വിധം വിദഗ്ധരെ കൊണ്ട് ക്ലാസുകൾ സംഘടിപ്പിക്കും. ഹിന്ദി പുസ്തകങ്ങളുടെ ഒരു ശേഖരണം ഉണ്ടാകും.

# അറബിക്

## *ലക്ഷ്യങ്ങൾ*

- അറബിക് ഭാഷാ പഠനത്തിൽ കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

- ഭാഷാപഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.

- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് അറബി ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.

- ലോകഭാഷ, എന്ന നിലയിലും, നല്ലൊരുവിഭാഗം മലയാളികളുടെയും ജീവിതത്തിലെ എല്ലാ രംഗത്തും അവിഭാജ്യഘടകമായ ഒരു ഭാഷാ എന്ന നിലയിലും അതിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക.

- അറബിക് ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാദ്ധ്യത പ്രയോജനപ്പെടു ത്താനുള്ള കഴിവും, ശേഷിയും നേടുക.

- അറബിക് ഭാഷയിൽ വായനശീലം വളർത്തുക. അറബിക് ഭാഷാ വ്യ വഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

- കരിക്കുലം ലക്ഷ്യമാക്കുന്ന അറബിഭാഷാപഠനനേട്ടങ്ങൾ എല്ലാ കുട്ടി കളും ആർജ്ജിക്കുക.

## പ്രവർത്തനങ്ങൾ

- ✓ തിരഞ്ഞെടുത്ത ലളിതമായ അറബി പുസ്തകങ്ങളുടെ ലൈബ്രറി അറബിക് കഥാബുക്ക്, ചിത്രകഥാബുക്ക്, കൊച്ച് പദ്യബുക്ക്, ലേഖന ബുക്ക്. അറബിക് ക്വിസ്സ് ഇതിലൂടെ മുഴുവൻ കുട്ടികളും ലഘു വാക്യങ്ങൾ വായിക്കാൻ പ്രാപ്തരുക്കുകയാണ് ലക്ഷ്യം.

- ✓ ആഴ്ചയിൽ ഒരു അറബിക് അസംബ്ലി

- ✓ സ്കൂളിലെ മുഴുവൻ കുട്ടികളിലേയും കഴിവുകൾ പുറത്ത് കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെയുള്ള വ്യത്യസ്ഥ മത്സരങ്ങൾ നടത്തുക

- ➢ ഉദാ:- ക്വിസ്സ്, പദനിർമ്മാണം, കഥാപുരാണം, പദപ്രശ്നം, പദകേളി, പദപ്പയറ്റ്, കളറിംഗ്, ഗദ്യവായന, ആംഗ്യഗാനം.

- ✓ സാമൂഹ്യ മാധ്യമങ്ങൾ, You tube തുടങ്ങി സാങ്കേതികാ വിദ്യയുടെ സഹായത്താൽ അറബിഭാഷയുമായ ബന്ധപ്പെട്ട കാര്യങ്ങൾ ഡൗൺലോഡ് ചെയ്യുകയും, അത് കാണാനും കേൾക്കാനുമുള്ള സാഹചര്യങ്ങളിലൂടെ ഭാഷാപഠനത്തെ രസകരമാക്കുകയും ചെയ്യുക.

# സംസ്കൃതം

- സംസ്കൃതഭാഷയുടെ വികസനത്തിനും വളർച്ചയ്ക്കും ഉതകുന്ന തരത്തിൽ സ്കൂളിലെ ഭൗതീക സാഹചര്യങ്ങൾ ക്രമീകരിച്ചുള്ള പ്രത്യേക ക്ലാസ്റൂം.

- പ്രാചീന സംസ്കൃത പണ്ഡിതൻമാരുടെ ചിത്രങ്ങളും അവരുടെ പ്രശസ്തമായ രചനകളും കൂട്ടിയിണക്കികൊണ്ട് അടുക്കും ചിട്ടയുമുള്ള ഒരു സ്കൂൾ ലൈബ്രറി സ്ഥാപിക്കണം.

- സംസ്കൃതം പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഭാഷാപഠനം സുതാര്യമാക്കുന്നതിനുവേണ്ടി സ്കൂൾ തലത്തിൽ എല്ലാ അധ്യായന വർഷാരംഭത്തിനക മുമ്പുതന്നെ പഠനശിബിരങ്ങൾ നടത്തണം.

- സംസ്കൃത പഠനത്തിനായി കുട്ടികളുടെ പാഠപുസ്കത്തിലെ രച നകളുടെ ദൃശ്യാവിഷ്ക്കാരങ്ങൾ പ്രദർശിപ്പിക്കാൻ പറ്റിയ പ്രത്യേക സ്മാർട്ട് ക്ലാസ്റൂം ഉണ്ടായിരിക്കണം.

- ആയൂർവേദവുമായി ബന്ധപ്പെട്ട ഔഷധസസ്യങ്ങളും അവയുടെ സംസ്കൃതനാമങ്ങൾ പരിചയപ്പെടുത്തുന്ന തരത്തിലുള്ള ഒരു ഔഷ ധസസ്യത്തോ ട്ടവും അതിന്റെ പരിപാലനവും ഉറപ്പാക്കണം

# ഗണിതം

ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട് 2025-26 ലേക്കുള്ള കാഴ്ചപ്പാടുകൾ

- നവീകരിച്ച ഗണിത ശാസ്ത്ര ഡിജിറ്റൽ ലാബ്
- പഠനോപകരണ നിർമ്മാണ കോർണർ
- നവീകരിച്ച ഗണിത ശാസ്ത്ര വായനാമൂല
- ഗണിത ശാസ്ത്ര ലൈബ്രറി
- 1 മുതൽ 7 വരെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് സമ്പൂർണ്ണ മുന്നറിവ് കൊടുക്കൽ.
- പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ മുറികളിലും ഭിത്തികളിലും ജനലു കളിലും ഗണിത രൂപങ്ങൾ നിർമ്മിക്കുകയും വരയ്ക്കുകയും ചെയ്യുന്നു.
- ചതുഷ്ക്രിയയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളക്ക് മികവ് പ്രകടിപ്പിക്കാ നുള്ള അവസരം നൽകുന്നു.
- ഗണിത ശാസ്ത്ര പൂന്തോട്ടം  നിർമ്മിക്കുന്നു.
- ഗണിത കുട്ടിശസ്ത്രജ്ഞനെ കണ്ടെത്തുന്നു.
- ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശേഖരിക്കലും അവതരിപ്പിക്കലും.

## കാഴ്ചപ്പാടിൽ നിന്ന് ഉണ്ടാക്കുന്ന ശേഷികൾ

1) ആശയവിനിമയശേഷി വളരുന്നു.
2) വൈജ്ഞാനിക മേഖലകളിൽ ഗണിതശാസ്ത്ര വിഷയങ്ങൾ കൈകാ ര്യം ചെയ്യാനുള്ള ശേഷി.
3) മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപ്പെടുവാനുള്ള ശേഷി,
4) പ്രശ്നപരിഹരണത്തിനുള്ള ശേഷി
5) തീരുമാനമെടുക്കുന്നതിനുള്ള ശേഷി
6) സർഗാത്മകശേഷി വർദ്ധിക്കുന്നു.
7) കളികളിലൂടെ ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്നു.
8) ജ്യാമതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി.
9) ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായി ക്കുന്നു.
10) കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിനുള്ള ശേഷി
11) ഗണിതം മധുരവും രസവുമായി ആസ്വദിക്കുവാനുള്ളള ശേഷി.

# സോഷ്യൽ സയൻസ്

## ലക്ഷ്യങ്ങൾ

- തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപരമായ ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കാനുള്ള അവബോധം.
- ജനസംഖ്യാവർദ്ധനവും ഭൂവിഭവങ്ങളുടെ ഉപയോഗവും തിരിച്ചറിയൽ.
- ജനാധിപത്യ സമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകുന്നു
- യുദ്ധം മാനവരാശിക്കു വരുത്തുന്ന വിപത്തുകൾ തിരിച്ചറിയൽ
- വിനോദസഞ്ചാര കേന്ദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ.
- കേരളീയൻ ആയതിൽ അഭിമാനം കണ്ടെത്തൽ.
- സംവാദ പഠനത്തിലൂടെ സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു.
- ഭൂപട വായനശേഷി വളർത്തൽ.
- ഐ സി ടി സഹായത്തോടെ പാഠഭാഗം ലളിതമാക്കൽ.

## പ്രവർത്തനങ്ങൾ

1. മ്യൂസിയം സന്ദർശിക്കൽ ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കൽ
2. പോസ്റ്റർ നിർമ്മാണം ക്വിസ് മത്സരം
3. യുദ്ധ വിരുദ്ധ സിനിമകൾ പ്രദർശിപ്പിക്കൽ, ചിത്രങ്ങൾ ഡോക്യുമെന്ററികൾ യുദ്ധവിരുദ്ധ പ്രതിജ്ഞ
4. കേരളത്തിലെ കലകൾ, ഉത്സവങ്ങൾ, ഭൂപ്രകൃതി തുടങ്ങിയവ പരിചയപ്പെടൽ
5. ദൈവത്തിന്റെ നാടിന് സ്വന്തം എന്ന പരിപാടി
6. ലാബ് ആകർഷകമാക്കൽ പ്രാദേശിക ഭൂപടം തയ്യാറാക്കൽ

# സയൻസ്

- മികച്ച ലാബ് തയ്യാറാക്കൽ
- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ എല്ലാകുട്ടികൾക്കും ചെയ്യാനുമുള്ള അവസരം.
- പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന എല്ലാ ശാസ്ത്രജ്ഞൻമാരുടെയും ചിത്രങ്ങളും അവരെകുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങളും ശേഖരിക്കൽ (ആൽബം)
- ലാബ് ഉപകരണങ്ങൾ എല്ലാകുട്ടികൾക്കും പരിചയപ്പെടാനും കൈകാര്യം ചെയ്യാനുമുള്ള അവസരങ്ങൾ.
- ഐ.സി.റ്റി. സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ശാസ്ത്രവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കും.
- പരിസരങ്ങളിൽ നിന്നുള്ള വസ്തുക്കൾ ശാസ്ത്രക്ളാസ്സുകളിൽ പ്രയോജനപ്പെടുത്തും.
- കുട്ടികൾ പഠിച്ച കാര്യങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുത്താനുള്ള അവസരങ്ങൾ (മലിനീകരണം ഊർജ്ജസംരക്ഷണ ലഹരി, അടുക്കള ത്തോട്ടം മുതലായ)
- പ്രോജക്ട് വർക്ക്, സയൻസ് ലൈബ്രറി, പ്രകൃതി നിരീക്ഷിണം
- ശാസ്ത്ര പഠനയാത്ര
- ഊർജ്ജസംരക്ഷണം, പ്രകൃതിസംരക്ഷണം, പകർച്ചവ്യാധികൾ പ്ളാസ്റ്റിക് എന്നിവയെകുറിച്ച് വിദഗ്ദ്ധരുമായി അഭിമുഖത്തിനും ചർച്ചയ്ക്കും ഉള്ള അവസരം അഭിമുഖത്തിനും ചർച്ചയ്ക്കും ഉള്ള അവസരം.
- ജൈവകൃഷിത്തോട്ടം
- പൂന്തോട്ട നിർമ്മാണം.

## ഐ സി ടി (Information and Communication Technology)

- വിവരസാങ്കേതിക വിദ്യ. ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം (Work Experience)

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജന കരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- പഠനവുമായി പ്രവൃത്തി പരിചയാ നുഭവത്തെ ബന്ധിപ്പിക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യം ക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.